"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി - മുൻവർഷത്തെ കുടിശിക തീർക്കുന്നതിന് നടപ്പ് വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 30 കോടി രൂപ ചെലവഴിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1510/2024/LSGD തീയതി,തിരുവനന്തപുരം, 13-08-2024

---

പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 17.04.2024-ലെ LSGD/PD/26308/2023-DPLD3 നമ്പർ കത്ത്

2. സ.ഉ.(സാധാ)നം.906/2024/ത.സ്വ.ഭ.വ തീയതി 23.05.2024

**<u>ഉത്തരവ്</u>**

അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം 150 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്നെങ്കിലും സാമ്പത്തിക വർഷാവസാനം 30 കോടിയോളം രൂപയുടെ ബില്ലുകൾ ട്രഷറിയിൽ നിന്നും മാറാൻ സാധിച്ചില്ല എന്നും ഇതുൾപ്പെടെ നഗരസഭകൾ ചെലവഴിച്ച ഇനത്തിലും വേതന ഇനത്തിലും പദ്ധതിയ്ക്ക് കീഴിൽ വൻതുക കുടിശ്ശിക ഉള്ളതായും പദ്ധതി നടത്തിപ്പ് ഗുരുതരമായ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണെന്നും ആയതിനാൽ 30 കോടി രൂപ അടിയന്തിരമായി അനുവദിക്കണമെന്നും പരാമർശം (1) കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിക്കായി 2024-25 വർഷം സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 165 കോടി രൂപ ചെലവഴിക്കുന്നതിന് പരാമർശം (2) ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുള്ളതാണെങ്കിലും നിലവിലുള്ള ധനകാര്യ നിയന്ത്രണങ്ങളുടെ ഫലമായി മുൻവർഷത്തെ കുടിശ്ശിക ഒഴിവാക്കാൻ ടി തുക വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യമാണ്. ഇക്കാര്യം പരിഗണിച്ച്, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കായി 2023-24 സാമ്പത്തികവർഷത്തിൽ നൽകുവാൻ കുടിശ്ശികയായിട്ടുള്ള തുക, 2024-25 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ '2217-80-800-76 (PV)' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനായി ₹30,00,00,000/- (മുപ്പത് കോടി രൂപ മാത്രം) യുടെ പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം
ധനകാര്യ (ഡവ.)വകുപ്പ് (ഡവ.2-116/2024-ധന തീയതി 29.07.2024 പ്രകാരം)
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 13-08-2024 11:49:20
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്